**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 174** | **30-09-2025 - ൽ മറുപടിയ്ക്ക്**

**എക്സൈസ് കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എൻ.ഡി.പി.എസ്. (നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ട്) കേസുകളിൽ ഉൾപ്പെട്ട പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുന്നതിൽ എക്സൈസ് വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | എൻ.ഡി.പി.എസ് കേസുകളിൽ ഉൾപ്പെട്ട പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനായി എക്സൈസ് വകുപ്പ് ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കേസുകൾ സംബന്ധിച്ച് എക്സൈസ് കമ്മിഷണർ മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ വരെയുള്ളവർ വിവിധ തലങ്ങളിൽ അവലോകനങ്ങൾ നടത്തുകയും കേസ് അന്വേഷണവുമായി ബന്ധപെട്ട് നിയമപരമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. എല്ലാ മാസവും എൻ.ഡി.പി.എസ് കേസുകളുടെ പുരോഗതി സംസ്ഥാന തലത്തിൽ അഡീഷണൽ എക്സൈസ് കമ്മിഷണർ (എൻഫോഴ്സ്മെന്റ്), ജില്ലാ തലത്തിൽ ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എന്നിവർ വിലയിരുത്തി നിർദ്ദേശങ്ങൾ നല്കിവരുന്നു. പ്രതികൾ റിമാൻഡിൽ കഴിയുന്ന എൻ.ഡി.പി.എസ് കേസുകളിൽ എത്രയും വേഗം അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച് റിമാൻഡിൽ കഴിയുന്ന പ്രതികൾക്ക് ജാമ്യം ലഭിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ആയതിന് വേണ്ട കർശനമായ നിർദ്ദേശങ്ങൾ നൽകി വരുകയും ചെയ്യുന്നു. ഒന്നിലേറെ എൻ.ഡി.പി.എസ് കേസുകളിൽ പ്രതികളാകുന്നവരെ 1988 ലെ PIT NDPS ACT നിയമത്തിലെ 3(1) വകുപ്പ് പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് പ്രപ്പോസൽ സമർപ്പിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. 2025 വർഷത്തിൽ നാളിതുവരെ 5 പ്രതികളെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എക്സൈസ് കേസുകളിൽ കൺവിക്ഷൻ റേറ്റ് എത്ര ശതമാനമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ് കണ്ടെത്തുന്ന കേസുകളുടെ 2021 മുതൽ 2025 ആഗസ്റ്റ് വരെയുള്ള കൺവിക്ഷൻ റേറ്റ് ചുവടെ ചേർക്കുന്നു.<br>2021 - 97.56%<br>2022 - 97.56%<br>2023 - 98.04%<br>2024 - 96.53%<br>2025 - 94.58% (2025 ആഗസ്റ്റ് വരെ) |
| (സി) | മയക്കമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട് കണ്ടെത്തുന്ന വാഹനങ്ങൾ പരിശോധനകൾക്കും തെളിവുശേഖരണത്തിനും ശേഷം തിരികെ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | എൻ.ഡി.പി.എസ്.കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ ഡിസ്പോസൽ നടപടികൾ Narcotic Drugs and Psychotropic Substances Act, 1985, Narcotic Drugs and Psychotropic Substances (Seizure, Storage, Sampling and Disposal), Rules 2022 എന്നിവ പ്രകാരം ആണ് നടപ്പിലാക്കി വരുന്നത്. ഇവ കേന്ദ്ര നിയമങ്ങൾ ആയതു കൊണ്ട് തന്നെ സംസ്ഥാന സർക്കാരിന് പ്രത്യേക നിയമം വഴി നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരമില്ല. കോടതിയിൽ നിന്നുള്ള വാഹനങ്ങളുടെ ഡിസ്പോസൽ ഉത്തരവ് ലഭിച്ച ശേഷം പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ രാസപരിശോധനാ ഫലം, വാഹനത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, വാഹനത്തിന്റെ വിപണി മൂല്യം നിശ്ചയിച്ചിട്ടുള്ള രേഖകൾ തുടങ്ങിയവ ലഭ്യമാക്കി ആയവ ജില്ലാ തല Drug Disposal കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയും ഡിസ്പോസൽ കമ്മിറ്റി വാഹന ഉടമയെ കേട്ട ശേഷം NDPS ആക്റ്റിന്റെ സെക്ഷൻ 52 എ, Narcotic Drugs and Psychotropic Substances (Seizure, Storage, Sampling and Disposal), Rules 2022 എന്നീ നിയമങ്ങളിൽ അനുശാസിക്കും പ്രകാരം ഉള്ള നടപടികൾ പൂർത്തിയാക്കി വാഹനങ്ങൾ പൊതു ലേലത്തിൽ വയ്ക്കുന്നതിനു അനുമതി നൽകുകയും അതിൻ പ്രകാരം പൊതുലേലത്തിൽ വിൽപ്പന നടത്തി തുക സർക്കാരിലേക്ക് മുതൽക്കൂട്ടുകയും ചെയ്തുവരുന്നു. വാഹനങ്ങൾ ഉടമകൾക്ക് തിരികെ നൽകുന്നതിനുള്ള അധികാരം നിലവിലെ നിയമ പ്രകാരം കോടതികളിൽ നിക്ഷിപ്തമാണ്. |
| (ഡി) | തൊണ്ടിമുതലായി കണ്ടെത്തിയ വാഹനങ്ങൾ കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കത്തക്കവിധവും അലക്ഷ്യമായി കൂടിക്കിടക്കാനിടയാകുന്ന സാഹചര്യം ഒഴിവാക്കാൻ നിയമാനുസൃതം എന്തെല്ലാം | (ഡി) | അബ്കാരി കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ കാര്യത്തിൽ കേരള അബ്കാരി ആക്റ്റ് പ്രകാരവും NDPS കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ കാര്യത്തിൽ NDPS ACT Narcotic Drugs and Psychotropic Substances (Seizure, |

| | | | |
|---|---|---|---|
| | നടപടികളാണ് കൈകൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ? | | Storage, Sampling and Disposal), Rules 2022 പ്രകാരവുമാണ് നടപടികൾ സ്വീകരിച്ച് വരുന്നത്.<br><br>അബ്കാരി കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനു മുൻപ് തന്നെ വാഹനത്തിന്റെ വില നിക്ഷേപിച്ച് വാഹന ഉടമക്ക് വാഹനം താൽകാലികമായി വിട്ട് കൊടുക്കുന്നതിനും, ടി വില സർക്കാരിലേക്ക് വരവ് വച്ച് വാഹനം സ്ഥിരമായി വിട്ട് നൽകുന്നതിനും,, കണ്ട് കെട്ടിയ വാഹനങ്ങൾ സർക്കാർ വകുപ്പുകളുടെ ഉപയോഗത്തിനായി ആവശ്യാനുസരണം അനുവദിക്കുന്നതിനും, പൊതു ലേലങ്ങൾ സംഘടിപ്പിച്ച് പൊതുജനങ്ങൾക്ക് വിൽപ്പന നടത്തി പണം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിനും ഉൾപ്പടെയുള്ള വ്യവസ്ഥകൾ അബ്കാരി നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയത് ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്.<br><br>NDPS കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങൾ ബഹു. കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെമിക്കൽ അനാലിസിസ് റിപ്പോർട്ട്, വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, വിപണി മൂല്യം നിശ്ചയിക്കൽ തുടങ്ങിയ രേഖകൾ ലഭ്യമായ ശേഷം NDPS ആക്ടിന്റെ സെക്ഷൻ 52 എ, Narcotic Drugs and Psychotropic Substances (Seizure, Storage, Sampling and Disposal), Rules 2022 എന്നിവ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് Drug Disposal കമ്മിറ്റി പൊതു ലേലത്തിലൂടെ തീർപ്പാക്കുന്നു.<br><br>മേൽ വിവരിച്ച പ്രകാരം തൊണ്ടിമുതലായി കണ്ടെത്തിയ വാഹനങ്ങൾ കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായി നശിച്ച് പോകാതെയും സർക്കാരിന് വരുമാന നഷ്ടം ഉണ്ടാകാതെയും അലക്ഷ്യമായി കൂടികിടന്ന് പാരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കാതെയും സമയബന്ധിതമായി ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ